# കേരളസർവകലാശാല

നം.പി.ആർ.236/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം), എം.എസ്‌സി. ബയോടെക്നോളജി, എം.എസ്‌സി. എൻവയോൺമെന്റൽ സയൻസ് 2020 – 2022 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 16 മുതൽ 23 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല നവംബർ 14, 16, 18 തീയതികളിലെ ബി.എ./ബി.കോം. ആന്വൽ സ്കീം പരീക്ഷകൾക്കും 15, 17, 21, 23, 25, 28 തീയതികളിലെ നാലാം സെമസ്റ്റർ ബി.എ./ബി.എസ്‌സി./ബി.കോം./ബി.ബി.എ./ബി.സി.എ. (വിദൂരവിദ്യാഭ്യാസം) പരീക്ഷകൾക്കും കൊല്ലം എസ്.എൻ.കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ വടക്കേവിള എസ്.എൻ.കോളേജ് ഓഫ് ടെക്നോളജിയിൽ പരീക്ഷ എഴുതേണ്ടതാണ്. പരീക്ഷാസമയത്തിലോ മറ്റു തീയതികളിലെ പരീക്ഷാകേന്ദ്രത്തിലോ മാറ്റമില്ല.

### പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2022 ഡിസംബറിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി.) സപ്ലിമെന്ററി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ODL (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ്) – അക്കാദമിക് കൗൺസിൽ തീരുമാനങ്ങൾ

കേരളസർവകലാശാല 2015 – 2016 അദ്ധ്യയനവർഷം മുതൽ തമിഴ്നാട് അണ്ണാമലൈ സർവകലാശാല ODL (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ്) മോഡ് വഴി നടത്തിയ പ്രോഗ്രാമുകൾക്ക് നിലവിൽ യു.ജി.സി.യുടെ അംഗീകാരം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയം ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും Letter No.B1/200/2022/HEDN dtd 25.07.2022 പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം കേരളസർവകലാശാലയുടെ 2022 സെപ്റ്റംബർ 16 ൽ നടന്ന അക്കാദമിക് കൗൺസിലിൽ പരിഗണിച്ചു. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. 2015 – 2016 അദ്ധ്യയനവർഷം മുതൽ അണ്ണാമലൈ സർവകലാശാല ODL (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ്) മോഡ് വഴി നടത്തിയ പ്രോഗ്രാമുകൾക്ക് കേരളസർവകലാശാലയുടെ യോഗ്യത സർട്ടിഫിക്കറ്റുകൾ നൽകുന്നത് നിർത്തലാക്കി.
2. 2017 അദ്ധ്യയനവർഷത്തിനു മുൻപ് അഡ്മിഷൻ നേടിയ ബിരുദങ്ങൾക്ക് നാളിതുവരെ കേരളസർവകലാശാല നൽകിയ യോഗ്യത സർട്ടിഫിക്കറ്റുകൾക്ക് സാധുത ഉണ്ടായിരിക്കുന്നതാണ്.

### പി.എച്ച്ഡി. നൽകി

ജയശ്രീ എസ്. (ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്), ഷീന വി. (ഫിലോസഫി), ലക്ഷ്മി കൃഷ്ണൻ എസ്., ഗീതു റോസ് വർഗീസ് (ബയോടെക്നോളജി ), ബെനിറ്റ എം.പി. (തമിഴ്), റോഷിനി

എം., ജുബിന ബീഗം എസ്., ശ്രീദേവി എസ്., സുമ എസ്., പ്രിയ പി.സി., അനിൽകുമാർ ഡി., വരുൺ സി.എസ്., (മലയാളം), ദിവ്യ എസ് പിള്ള, രോഹിണി ബി.ആർ. (ബോട്ടണി), അരുൺ ബി.എസ്., ജിജി വർഗീസ് (ഫിസിക്സ്), ഗംഗ കൈലാസ്, സൂര്യ ബി രാജ് (സൈക്കോളജി), സുമ ശേഖർ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), ആരതി കൃഷ്ണൻ ആർ.കെ., ജിഷ്ണു വി.വി., ദേവി കൃഷ്ണ വി., സൈജ എസ്., ഗായത്രി ദേവി എസ്. (കൊമേഴ്സ്), ജയ്സ് മെർലിൻ പി അഗസ്റ്റിൻ (കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം), രുകാമിഹിഗോ മുപെൻസി ഇസ്സ (ഡെമോഗ്രഫി), രതീഷ് കെ.ആർ., പ്രേംജിത്ത് സി.ജി. (സംസ്കൃതം), പ്രശോഭ പി.കെ., ജിഷ എം.എസ്. (മാത്തമാറ്റിക്സ്), സോണിയ ജോൺ, ജീന പ്രകാശ് (സുവോളജി), ലിനി പ്രിയ വാസവൻ (ലോ), അറാഫ് സലാം എ. (മാനേജ്മെന്റ് സ്റ്റഡീസ്), നന്ദിനി എൻ.ജെ. (മ്യൂസിക്), ആര്യ പി.എൻ. (ആർക്കിയോളജി), രേഷ്മ എസ്., അശ്വതി എം.(കെമിസ്ട്രി), സെലിൻ സാമുവൽ (ഇംഗ്ലീഷ്) എന്നിവർക്ക് പി.എച്ച്ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
07.11.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**